## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2492

08.03.2017 ൽ
മറുപടിയ്ക്ക്

## കേരളോത്സവ നടത്തിപ്പ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളോത്സവ നടത്തിപ്പ് തൃപ്തികരമാണോ; പലയിടത്തും ഇത് ചടങ്ങായി മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരളോത്സവത്തിന്റെ നടത്തിപ്പ് തൃപ്തികരമാണ് എന്നാണ് പൊതുവെ വിലയിരുത്തിയിട്ടുള്ളത്. |
| (ബി) പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കുകൂടി പങ്കെടുക്കുന്നതിനും കഴിയുന്ന രീതിയിൽ ഏകോപനം ഉണ്ടാകുമോ ; | (ബി) 15 നും 40 നും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് അവർ വിദ്യാർത്ഥിയാണോ അല്ലയോ എന്ന പരിഗണന കൂടാതെ കേരളോത്സവ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം നിലവിലുണ്ട്. |
| (സി) കേരളോത്സവ നടത്തിപ്പിനായി കലണ്ടർ തയ്യാറാക്കാറുണ്ടോ ; കലണ്ടറിൽ ചാർട്ട് ചെയ്ത പ്രകാരം പരിപാടികൾ നടക്കുന്നുണ്ടോ; പങ്കാളിത്തം തൃപ്തികരമാണോ; | (സി) മുൻകൂട്ടി തയ്യാറാക്കുന്ന 'ഷെഡ്യൂൾ' അനുസരിച്ചാണ് കേരളോത്സവം സംഘടിപ്പിക്കപ്പെടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ചില സാങ്കേതിക കാരണങ്ങളാൽ തയ്യാറാക്കപ്പെട്ട ഷെഡ്യൂൾ അനുസരിച്ച് കേരളോത്സവം നടത്താൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പങ്കാളിത്തം തൃപ്തികരമാണ്. |

| | |
|---|---|
| (ഡി) കലാ-കായിക-രചന രംഗത്തെ മികവിന് നൽകുന്ന അംഗീകാരം തൃപ്തികരമാണോ; കൂടുതൽ അംഗീകാരം നൽകുന്നത് പരിഗണനയിലുണ്ടോ? | (ഡി) തൃപ്തികരമാണ്. എങ്കിലും കൂടുതൽ അംഗീകാരം നൽകുന്ന കാര്യത്തിലും, കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യത്തിലുമുള്ള വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 07-02-2017 ന് കൂടിയ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ